## പതിനാലാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

07.02.2019 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2381

### കെ -സ്വിഫ്റ്റ് എന്ന ഓൺലൈൻ ഏകജാലക സംവിധാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.എം. സ്വരാജ്<br>ശ്രീ.വി. അബ്ദുറഹിമാൻ<br>ശ്രീ.എം. മുകേഷ് : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വ്യവസായ മേഖലയിൽ ആധുനിക കാലത്തിന് അനുയോജ്യമായ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | എ) | വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായി വിവിധ വകുപ്പുകളുടെ കീഴിൽ നിലവിലുള്ള ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെൻറ് പ്രമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്റ്റ് 2018 നിലവിൽ വന്നു. കൂടാതെ വിവിധ വകുപ്പുകളിലെ 10 ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുമുണ്ട്. വ്യവസായം ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും അനുമതികൾ ലഭിക്കുന്നതിന് ഏകജാലക ഓൺലൈൻ സംവിധാനം, സെൽഫ് സർട്ടിഫിക്കേഷൻ, Deemed Approval, എന്നിവയും നിലവിൽ വന്നിട്ടുണ്ട്.<br><br>14 വകുപ്പുകളുടെ അപേക്ഷാ ഫോറം ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷാ ഫോറം (Common Application Form – CAF) മുഖേന അനുമതികൾ കാലതാമസം ഇല്ലാതെ ഓൺലൈൻ സംവിധാനം (K-SWIFT) മുഖേന ലഭ്യമാക്കുന്നതാണ്. പ്രസ്തുത അപേക്ഷയിന്മേലുള്ള പരിശോധന സമയബന്ധിതമായി നടപ്പാക്കുന്നതിനായി Investment Promotion and Facilitation Cell (IPFC) സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും രൂപീകരിച്ചിട്ടുണ്ട്. |

കൂടാതെ ചെറുകിട വ്യവസായ മേഖലയുടെ പ്രോത്സാഹനത്തിനായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- സംരംഭകത്വ സഹായ പദ്ധതി
- പശ്ചാത്തല വികസന പദ്ധതികൾ
- ഇ.ഡി ക്ലബ്
- ഇൻകുബേഷൻ സെന്ററുകൾ
- ക്ലസ്റ്റർ ഡെവലപ്പ്മെന്റ്പ്രോഗ്രാം
- കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി(ആഷ പദ്ധതി)

മേൽ പറഞ്ഞ പദ്ധതികൾക്കു പുറമേ സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ മുന്നോട്ട് വരുന്ന സംരംഭകർക്ക് ആവശ്യമായ സ്ഥലം, കെട്ടിടം, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഡി.ഐ.സിയുടേയും, കെ.എസ്.ഐ.ഡി.സി യുടേയും കിൻഫ്രയുടേയും വ്യവസായ പാർക്ക്/ ഏരിയകളിൽ വേഗത്തിൽ ലഭ്യമാക്കുന്നതാണ്. കൂടാതെ വ്യവസായ യൂണിറ്റുകളെ അധിവസിപ്പിക്കുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതികൾ ഉണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും 'Investor's meet' സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ്, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടി, ജില്ലാ അടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ,സ്കിൽ ഡെവലപ്പ്മെന്റ് പരിശീലനം, ഊർജിത വ്യവസായ വൽക്കരണ പദ്ധതി തുടങ്ങിവയും ബ്ലോക്ക് / താലൂക്ക് /മുനിസിപ്പാലിറ്റി/ ജില്ലാ തലങ്ങളിൽ നടത്തി വരുന്നുണ്ട്.

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും കെ-സ്വിഫ്റ്റ് (സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പെരന്റ് ക്ലിയറൻസ്) എന്ന ഓൺലൈൻ ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. വ്യവസായം തുടങ്ങുന്നതിന് സംരംഭകർക്ക് അപേക്ഷകൾ സമർപ്പിക്കുവാൻ ഓൺലൈൻ ഏകജാലക സംവിധാനം 'കേരള സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ആന്റ് ട്രാൻസ്പേരന്റ് ക്ലിയറൻസ്' സംവിധാനവും (K-SWIFT) സർക്കാർ രൂപീകരിച്ചിട്ടുണ്ട്.<br><br>ഇതിന്റെ (K-SWIFT) പൂർണ്ണരൂപത്തിലുള്ള പതിപ്പിന്റെ ഔദ്യോഗിക ലോഞ്ചിംഗ് 11.02.2019 ന് ബഹു.മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്. |
| (സി) | എങ്കിൽ കെ-സ്വിഫ്റ്റ് വഴി ഏതെല്ലാം വകുപ്പുകളുടെ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | കെ-സ്വിഫ്റ്റ് സംവിധാനം നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് ഈ സംവിധാനത്തിലൂടെ താഴെ പറയുന്ന 14 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്.<br><br>1) നഗര വികസന ഡയറക്ടറേറ്റ്<br>2) പഞ്ചായത്ത് ഡയറക്ടറേറ്റ്<br>3) നഗര ആസൂത്രണ വകുപ്പ്<br>4) ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പ്<br>5) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്<br>6) മൈനിങ്ങ് ആൻറ് ജിയോളജി വകുപ്പ്<br>7) വനം വന്യജീവി വകുപ്പ്<br>8) ലേബർ വകുപ്പ്<br>9) അഗ്നി ശമന സേവന വകുപ്പ്<br>10) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്<br>11) സംസ്ഥാന എൻവയോൺമെൻറ് ഇംപാക്ട് അസെസ്മെൻറ് അതോറിറ്റി<br>12) കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്<br>13) കേരള വാട്ടർ അതോറിറ്റി<br>14) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| (ഡി) | പുതിയ വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതി പത്രം കാലതാമസം കൂടാതെ നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഇതിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് | (ഡി) | പുതിയ വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതി പത്രം കാലതാമസം കൂടാതെ നൽകുന്നതിന് ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക |

| | | | |
|---|---|---|---|
| | അറിയിക്കാമോ? | | ക്ലിയറൻസ് ലഭ്യമാക്കൽ, കല്പിത അനുമതികൾ, കോമ്പോസിറ്റ് ലൈസൻസുകൾ എന്നീ സൗകര്യങ്ങളാണ് കേരള സിംഗിൾ വിൻഡോ ഇൻറർഫേസ് ഫോർ ഫാസ്റ്റ് ആൻറ് ട്രാൻസ്പേരൻറ് ക്ലിയറൻസ് (K-SWIFT) വഴി ഏർപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ